(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

(എഫ്) റവന്യൂ കാർഡിനുള്ള അപേക്ഷകൾ വിതരണം ചെയ്യുന്നതിനും, അപേക്ഷകൾ പൂരിപ്പിക്കുവാൻ സഹായിക്കാനും അപേക്ഷകൾ തിരിച്ചുവാങ്ങുന്നതിനും തദ്ദേശസ്ഥാപനങ്ങളുടെയും, സാമൂഹ്യക്ഷേമ സംഘടനകളുടെയും പങ്കാളിത്തം തേടിയിട്ടുണ്ട്.

(ജി) റവന്യൂ കാർഡിന്റെ അപേക്ഷയിൽ ഒരാൾക്ക് പല സർവ്വേ നമ്പറുകളിൽ ഭൂമി ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മുഴുവൻ സർവ്വേ നമ്പറുകളും കാർഡിൽ രേഖപ്പെടുത്തിയതായി കാണുന്നില്ലായെന്നുള്ള പോരായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കമ്പ്യൂട്ടർ സോഫ്റ്റ്വെയറിൽ ആവശ്യമായ മാറ്റംവരുത്തി ഈ ന്യൂനത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എച്ച്) രണ്ടായിരം ഡിസംബറിനകം കേരളത്തിലെ എല്ലാ കുടുംബങ്ങൾക്കും റവന്യൂ കാർഡ് വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

8 (*128) കയർ ഫെഡിന്റെ പ്രവർത്തനം

ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർഫെഡിന്റെ പ്രവർത്തനം വിപുലീകരിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) റബ്ബറൈസ്ഡ് കയറുൽപ്പന്നങ്ങൽ നിർമ്മിക്കുന്നതിനായി കയർഫെഡ് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കയർഫെഡിൽ കെട്ടിക്കിടക്കുന്ന കയർ വിറ്റഴിക്കാൻ ഉദ്ദേശം ഉണ്ടോ; എങ്കിൽ ഏതെല്ലാം വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് കയർ വിറ്റഴിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) വാങ്ങൽ വിൽപന രംഗത്ത് എന്തൊക്കെ നേട്ടങ്ങൾ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ കൈവരിക്കാൻ കയർഫെഡിന് കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) വിദേശവിപണിയിൽ എന്തെങ്കിലും നേട്ടമുണ്ടാക്കാൻ കയർഫെഡിന് കഴിഞ്ഞുവോ; എങ്കിൽ കഴിഞ്ഞ 2 വർഷത്തിനുള്ളിൽ കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണ്; ഇക്കാലത്ത് എത്ര തുകയുടെ ഓർഡർ ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്. സഹകരണ മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന കയറും കയറുൽപ്പന്നങ്ങളും വാങ്ങി വിപണനം നടത്തുകയാണ് അപ്പക്സ് സംഘമായ

LIBRARY ARCHIVES Kerala Legislative Assembly

കയർഫെഡിന്റെ പ്രധാന ചുമതല. കയർഫെഡിന്റെ പ്രവർത്തനം ഇനിയും വിപുലപ്പെടുത്തുന്നതിനായി കയർഫെഡ് രൂപം നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രാഥമിക കയർ സഹകരണ സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ യഥാസമയം വാങ്ങി സംഭരിക്കുന്നതിനായി ചേർത്തലയിലെ കയർ പാർക്കിൽ 64,000 ച.അടി വിസ്തീർണ്ണമുള്ള ഒരു ഗോഡൗൺ നിർമ്മിക്കുക.

2. നവീനവും വൈവിദ്ധ്യവുമാർന്നതുമായ പുതിയ ഡിസൈനുകൾക്ക് രൂപം നൽകുന്നതിനും പുതിയ കയറുൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുമായി കയർഫെഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഒരു റിസർച്ച് ആന്റ് ഡവലപ്മെന്റ് സെന്റർ സ്ഥാപിക്കുക.

3. കയർ യാണും കയർ ഫൈബറും വൻപിച്ച തോതിൽ ഉപയോഗിക്കുവാൻ സാദ്ധ്യതയുള്ള ഒരു ഉൽപ്പന്നമെന്ന നിലയിൽ കയർ ജിയോടെക്സ്റ്റയിൽസിന്റെ വികസനം ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ രൂപം നൽകിയ കയർ ജിയോ ടെക്സ്റ്റയിൽ ഡവലപ്മെന്റ് പ്രോഗ്രാം നടപ്പാക്കുക.

4. മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കയർഫെഡിന്റെ പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുക

(ബി) ഉണ്ട്. ഇതിനായി 21 കോടി രൂപ മൊത്തം ചെലവു വരുന്ന ഒരു യൂണിറ്റ് തുടങ്ങുന്നതിനുള്ള ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി എൻ.സി.ഡി.സി. യിൽ നിന്നും വായ്പ അനുവദിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഇപ്പോൾ നിലവിലുള്ള റിബേറ്റ് പദ്ധതി, ഷോറും തുടങ്ങുന്നതിനും പരസ്യപ്രചരണത്തിനും ധനസഹായം എന്നിവയ്ക്കു പുറമേ താഴെ സൂചിപ്പിച്ചിട്ടുള്ള പദ്ധതികൾ നടപ്പാക്കാനും പരിപാടിയുണ്ട്.

1. പ്രത്യേക കിഴിവനുസരിച്ച് പഴയ സ്റ്റോക്ക് വിറ്റഴിക്കാൻ ഗ്രാന്റ് അനുവദിക്കുന്നതിനുള്ള പദ്ധതി.

2. കയർ ജിയോ ടെക്സ്റ്റയിൽസിന്റെ ഉൽപ്പാദനവും ഉപയോഗവും പരമാവധി വർദ്ധിപ്പിക്കാനുള്ള പദ്ധതി.

ഇവകൂടാതെ അംഗസംഘങ്ങൾക്ക് മുൻകൂർ ഇൻഡന്റ് നൽകി വിപണന സാധ്യതയുള്ള ഇനം കയർ യാൺ ഉൽപ്പാദിപ്പിക്കുക, കൂടുതൽ ഏജൻസി ഷോറൂമുകൾ ആരംഭിക്കുക, സ്പെഷ്യൽ ഡിസ്കൗണ്ട് നൽകി സ്റ്റോക്ക് വിറ്റഴിക്കുക, പുതിയ കയറുൽപ്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവും നടത്തുക എന്നീ നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) 1996-97 വർഷത്തിൽ കയർഫെഡ് 13.86 കോടി രൂപയുടെ കയറും കയറുൽപ്പന്നങ്ങളും വാങ്ങി അയച്ചു. 1997-98, 1998-99 എന്നീ വർഷങ്ങളിൽ യഥാക്രമം 16.43 കോടി രൂപയുടേയും 20.31 കോടി രൂപയുടേയും കയറുൽപ്പന്നങ്ങൾ വാങ്ങുകയും ചെയ്തു. 1996-97 വർഷത്തിൽ കയർഫെഡിന്റെ വിൽപന 18.96 കോടി രൂപയായിരുന്നത് 1997-98-ൽ 22.15 കോടി രൂപയായി ഉയർന്നു. 1998-99-ൽ 21.70 കോടി രൂപയായിരുന്നു വിൽപ്പന.

(ഇ) ഉണ്ട്. 1996-97 വർഷത്തിൽ 13.09 ലക്ഷം രൂപയുടെ ഉൽപ്പന്നങ്ങൾ വിദേശത്തേയ്ക്ക് കയറ്റുമതി ചെയ്തു. 1997-98 വർഷത്തിൽ കയറ്റുമതി 99.61 ലക്ഷം രൂപയായി ഉയർന്നെങ്കിലും 1998-99 വർഷത്തിൽ 31.91 ലക്ഷം രൂപയുടെ ഉൽപ്പന്നങ്ങൾ മാത്രമേ കയറ്റുമതി വയ്ക്കാൻ കഴിഞ്ഞിട്ടുള്ളൂ. നിലവിൽ ഒരു കോടി രൂപയുടെ കയറ്റുമതി ഓർഡർ കയർഫെഡിന് ലഭിച്ചിട്ടുണ്ട്.

1117/2010.

LIBRARY ARCHIVES Kerala Legislative Assembly